# കൃഷി മേഖലയ്ക്ക് അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കണം: കേന്ദ്ര മന്ത്രി



കാസർകോട് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ (സിപിസിആർഐ) ശതാബ്ദി ആഘോഷത്തോടനുബന്ധിച്ചു നടന്ന കാർഷികമേളയും പ്രദർശനവും കേന്ദ്രമന്ത്രി രാധാ മോഹൻ സിങ് ഉദ്ഘാടനം ചെയ്യുന്നു. പി.കരുണാകരൻ എംപി, മന്ത്രി ഇ.ചന്ദ്രശേഖരൻ, അനന്ത് കുമാർ ദത്താത്രേയ ഹെഗ്ഡേ എംപി, സിപിസിആർഐ ഡയറക്ടർ ജനറൽ ഡോ. ത്രിലോചൻ മഹാപാത്ര, കാംപ്കോ പ്രസിഡന്റ് എസ്.ആർ.സതീഷ്ചന്ദ്ര, പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫിസർ വി.പ്രദീപ്, ഡയറക്ടർ ഡോ. പി.ചൗഡപ്പ എന്നിവർ സമീപം.

MM 11/12/16

കാസർകോട്● കൃഷി മേഖലകളിലേക്കായി കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കാൻ സംസ്ഥാന സർക്കാർ തയാറാകണമെന്ന് കേന്ദ്ര കൃഷിമന്ത്രി രാധാമോഹൻ സിങ് പറഞ്ഞു. കാസർകോട് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ (സിപിസിആർഐ) ശതാബ്ദി ആഘോഷത്തോടനുബന്ധിച്ചു നടന്ന കാർഷികമേളയും പ്രദർശനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പ്രധാനമന്ത്രി കൃഷി സംചൻ യോജന പ്രകാരം കേരളത്തിൽ കാരാപ്പുഴ, മൂവാറ്റുപുഴ എന്നിവിടങ്ങളിലായി രണ്ടു ജലസേചന പദ്ധതികൾ നടക്കുകയാണ്.

കൃഷിഭൂമിയിൽ ജലലഭ്യത ഉറപ്പുവരുത്താൻ കേന്ദ്ര സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവരെയായി സംസ്ഥാനത്ത് 1.33 ലക്ഷം പേർക്ക് മാത്രമേ സോയിൽ ഹെൽത്ത് കാർഡ് നൽകിയിട്ടുള്ളൂ. 7.05 ലക്ഷം പേർക്ക് നൽകാനായിരുന്നു പദ്ധതി തയാറാക്കിയത്. ഇത് എടുക്കുന്നതിനായി കർഷകർ മുന്നോട്ടു വരണമെന്ന് മന്ത്രി അഭ്യർഥിച്ചു.

നാളികേര ഉൽപാദനത്തിലും വിപണത്തിലും മുൻപന്തിയിലാണ് രാജ്യം. കേരളത്തിലെ എല്ലാ വീടുകളിലും തെങ്ങുകൾ ഉണ്ട്. 246 ഹെക്ടർ സ്ഥലത്ത് കുടി നാളികേരം ഉൽപാദിപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു. പി.കരുണാകരൻ എംപി അധ്യക്ഷത വഹിച്ചു. സിപിസിആർഐയുടെ വിവിധ പുസ്തകങ്ങളുടെ പ്രകാശനം കേന്ദ്ര മന്ത്രി നിർവഹിച്ചു. മന്ത്രി ഇ.ചന്ദ്രശേഖരൻ, അനന്ത് കുമാർ ദത്താത്രേയ ഹെഗ്ഡെ എംപി, എൻ.എ.നെല്ലിക്കുന്ന് എംഎൽഎ, സിപിസിആർഐ ഡയറക്ടർ ജനറൽ ഡോ. തിലോചൻ മഹാപാത്ര, കാംപ്കോ പ്രസിഡന്റ് എസ്.ആർ.സതീഷ്ചന്ദ്ര, മൊഗ്രാൽ പുത്തൂർ പഞ്ചായത്ത് പ്രസിഡന്റ് എ.എ.ജലീൽ, പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫിസർ വി.പ്രദീപ്, ഡയറക്ടർ ഡോ. പി.ചൗഡപ്പ, സോഷ്യൽ സയൻസ് വിഭാഗം മേധാവി സി.തമ്പാൻ എന്നിവർ പ്രസംഗിച്ചു. മേളയും പ്രദർശനവും 13നു സമാപിക്കും.